"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊല്ലം നഗരസഭയിൽ റവന്യൂ ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ 30.10.2021 തീയതിയിൽ മരണപ്പെട്ട ശ്രീമതി.സുമതി.ഡി.യുടെ മകൾ ശ്രീമതി.കാരുണ്യ എസ്.വിജയ്-ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/LSGD തീയതി,തിരുവനന്തപുരം, 07-01-2025

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ(കൈ) നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. 14.07.2023 ലെ സ.ഉ.(പി) നം.12/2023/ഉഭപവ നമ്പർ ഉത്തരവ്
4. ശ്രീമതി.കാരുണ്യ എസ്.വിജയ് സമർപ്പിച്ച 26.05.2022 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023 തീയതിയിലെ LSGD/PD/5242/2023-DEFIനമ്പർ കത്ത്
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.12.2024 തീയതിയിലെ DCTVM/1887/2024-S6 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ റവന്യൂ ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ 30.10.2021 തീയതിയിൽ മരണപ്പെട്ട ശ്രീമതി.സുമതി.ഡി.യുടെ മകൾ ശ്രീമതി.കാരുണ്യ എസ്.വിജയ്(കാരുണ്യ, ചെമ്പകശ്ശേരി, ചെക്കോണം, കരകുളംപി.ഒ, തിരുവനന്തപുരം ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി.സുമതി.ഡി.യുടെ സേവനകാലം 31 വർഷവും 06 മാസവും 29 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 15.05.1969, സർവീസിൽ പ്രവേശിച്ച തീയതി 02.04.1990 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും യഥാക്രമം പരാമർശം 5,6 പ്രകാരം അപേക്ഷകന് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി.കാരുണ്യ എസ്.വിജയ് SSLC, പ്ലസ് ടു പരീക്ഷ എന്നിവ വിജയിച്ചിട്ടുള്ളതാണ്. ടിയാന്റെ ജനന തീയതി 09.10.2001എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (26.05.2022)സമർപ്പിച്ചുണ്ട്. ഈ ജോലിക്കായി ശ്രീമതി.സുമതി.ഡി.യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് നെടുമങ്ങാട് തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം ₹5,08,692/-(അഞ്ചു ലക്ഷത്തി എണ്ണായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) ആണെന്ന് കരകുളം സൗത്ത് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ OA

തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ടിയാളെ ക്ലാർക്ക് തസ്തികയിൽ പരിഗണിക്കണം എന്നാവശ്യപ്പെട്ട് കൊണ്ട് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുണ്ട്. കൂടാതെ പരാമർശം (2)പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും, ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (3) ലെ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും അപേക്ഷക ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിൽ റവന്യൂ ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ 30.10.2021 തീയതിയിൽ മരണപ്പെട്ട ശ്രീമതി.സുമതി.ഡി.യുടെ മകൾ ശ്രീമതി.കാരുണ്യ എസ്.വിജയ് -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം നഗരസഭ
ശ്രീമതി.കാരുണ്യ എസ്.വിജയ് (കാരുണ്യ, ചെമ്പകശ്ശേരി, ചെക്കോണം, കരകുളം പി.ഒ, തിരുവനന്തപുരം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ (ആഡിറ്റ്) കേരള, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-01-2025 13:13:50
സെക്ഷൻ ഓഫീസർ